# ദൈവ സ്നേഹം

## യോഹന്നാൻ 15:9

"പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ."

എന്താണ് സ്നേഹം ?

ദൈവം നമുക്ക് തന്നിരിക്കുന്ന കല്പന പുതിയനിയമത്തിൽ – 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നാകുന്നു'. കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം നമുക്ക് ആ മാതൃക കാട്ടിത്തരുന്നു. പാപികളായ നമുക്കുവേണ്ടി പിതാവായ ദൈവം തന്റെ പ്രിയ പുത്രനെ നല്കി ലോകത്തെ വീണ്ടെടുത്തു.

അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ ക്രൂശിൽ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്താണെന്ന് അറിഞ്ഞിരിക്കുന്നു. അപ്പോൾ നമ്മുടെ ഈ ലോകത്തിലെ കടമ സഹോദരന്മാർക്കു വേണ്ടി നമ്മുടെ പ്രാണനെ വച്ചു കൊടുക്കുക എന്നതാകുന്നു. ഈ ലോകത്തിൽ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരനു ബുദ്ധിമുട്ടു കണ്ടിട്ട് അവനോടു മനസ്സലിവ് കാണിക്കുന്നില്ലായെങ്കിൽ സ്വയം മനസ്സിലാക്കണം, നമ്മളിൽ ദൈവസ്നേഹമില്ല. അതുകൊണ്ടു നാം വാക്കിനാലും നാവിനാലുമല്ല, പ്രവർത്തിയിലും സത്യത്തിലും സ്നേഹിക്കണം. ആത്മാവിന്റെ ഫലങ്ങളിൽ ഏറ്റവും വലുതും സ്നേഹം തന്നെ.

1 കൊരിന്ത്യർ 13:1 ഇപ്രകാരം പറയുന്നു – ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ.

അതുകൊണ്ടു നമ്മുടെ ഈ ലോകത്തിലെ ജീവിതത്തിൽ ഓരോ നിമിഷവും സ്നേഹം ആചരിക്കാൻ നാം ഉത്സാഹിക്കേണ്ടതാണ്. 'സ്നേഹം ഒരു നാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും'. അതുകൊണ്ടു അങ്ങയുടെ സ്നേഹം ഞങ്ങളിൽ നിറയ്ക്കണമേ എന്നും അതു മറ്റുള്ളവരിലേക്ക് പകരുവാനുള്ള കൃപ തരണമേയെന്നും പിതാവിനോട് നമുക്ക് യാചിക്കാം. ആ സ്നേഹം നമ്മിൽ നിറയുമ്പോൾ നമ്മിലേക്ക് കടന്നുവരുന്ന

അവസ്ഥയെ അപ്പോസ്തോലനായ പൗലോസ് 1 കൊരിന്ത്യർ 13:4-7 വരെയുള്ള വാക്യങ്ങളിൽ വരച്ചു കാട്ടുന്നു .

'സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു: എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു'.

ഇന്ന് നമ്മുടെ ജീവിതത്തെ നമുക്ക് തന്നെ ഒന്ന് ശോധന ചെയ്യാം. ഈ ദൈവസ്നേഹത്തിന്റെ നിറവിലാണോ നാം ജീവിക്കുന്നത്. യോഹന്നാൻ 3:16 വായിക്കുന്നു 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'.

1 യോഹന്നാൻ 3:3 ൽ നാം കാണുന്നു 'അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു'. അതുകൊണ്ടു പ്രിയ ദൈവജനമേ ലോകം നിങ്ങളെ പകയ്ക്കുന്നുവെങ്കിൽ ആശ്ചര്യപ്പെടരുതു. നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു, എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു.

ദൈവമക്കൾ എന്ന് വിളിക്കുവാൻ നമുക്ക് യോഗ്യത നൽകിയ പിതാവിനെ, ആ ദിവ്യ സ്നേഹത്തോടും നിർമലതയോടും, അവന്റെ കല്പനകളേ പ്രമാണിച്ചു അനുസരിക്കുന്നവരായി ജീവിപ്പാൻ, ദൈവത്തിന്റെ കൃപയ്ക്കായി പ്രാർത്ഥിക്കാം.

പരാമർശം:

1 യോഹന്നാൻ 4:7,8

പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 012**